# മൗദൂദികൃതികളുടെ പുനർവായന

**ആഗോളീകരണ** കെടുതികളെ ചെറുക്കാൻ പര്യാപ്തമാവും വിധം മൗദൂദി ചിന്തകളെ വികസിപ്പിക്കാനും പുനർവായിക്കാനും അദ്ദേഹത്തിന്റെ പിൻഗാമികൾക്ക് കഴിഞ്ഞില്ലെന്ന് സെമിനാർ. വി.എ കബീർ എഡിറ്റ് ചെയ്ത 'മൗദൂദി സ്മൃതിരേഖകൾ' എന്ന പുസ്തകത്തിന്റെ പ്രകാശനത്തോടനുബന്ധിച്ച് കോഴിക്കോട് ടൗൺഹാളിൽ സംഘടിപ്പിച്ച ചർച്ചായോഗത്തിൽ പങ്കെടുത്തവരെല്ലാം ഈ അഭിപ്രായം പങ്കുവെച്ചു. മൗദൂദിയെ ആരാധനാ ഭാവത്തോടെ നോക്കിക്കാണുന്നതിനു പകരം, പുതിയ സന്ദർഭങ്ങളിൽ അദ്ദേഹത്തെ വിമർശനാത്മകമായി വിലയിരുത്തുന്ന പഠനങ്ങളാണ് ഉണ്ടാവേണ്ടതെന്ന് സ്വഗത പ്രസംഗത്തിൽ ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് ഡയറക്ടർ ടി.കെ ഫാറൂഖ് പറഞ്ഞു.

കേരളത്തിൽ ജീവിക്കുന്ന ഒരാളാണോ മൗദൂദി എന്ന് തോന്നിപ്പിക്കും വിധം മലയാളത്തിലെ മുഖ്യധാരാ ആനുകാലികങ്ങളിൽ അദ്ദേഹം നിറഞ്ഞുനിൽക്കുകയാണെന്ന് അധ്യക്ഷത വഹിച്ച ജമാഅത്തെ ഇസ്‌ലാമി ഹൽഖാ അമീർ ടി. ആരിഫലി. പ്രസ്ഥാനങ്ങളെയും വ്യക്തികളെയും നിശിതമായി നിരൂപണം ചെയ്തിട്ടുണ്ട് മൗലാനാ മൗദൂദി. ആദ്യകാല ഖലീഫമാരുടെ പ്രവർത്തനങ്ങളെ വരെ അദ്ദേഹം നിരൂപണം ചെയ്തു. ഇതുപോലെ അദ്ദേഹത്തിന്റെ ചിന്തകളെയും പിൽക്കാലക്കാർ വിമർശനാത്മകമായി വിലയിരുത്തുകയാണ് വേണ്ടത്. വിമർശനം അദ്ദേഹം ഇഷ്ടപ്പെടുകയും ചെയ്തിരുന്നു. തന്റെ ആദ്യകാല നിലപാടുകളെ അദ്ദേഹം നിരൂപണം ചെയ്യുകയും തിരുത്തേണ്ടവ തിരുത്തുകയും ചെയ്തിട്ടുണ്ട്.

ആഗോളീകരണവും സാമുദായികതയും ശക്തിപ്പെടുന്ന ഇന്നത്തെ കാലത്ത് മൗദൂദി ചിന്തകൾ ഏറെ പ്രസക്തമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പാശ്ചാത്യദർശനങ്ങൾ ആധിപത്യം നേടിയ കാലത്താണ് അദ്ദേഹം ജീവിച്ചത്. ആ ദർശനങ്ങൾ പിൻവാങ്ങിപ്പോയ കാലത്താണ് നാമുള്ളത്. ആഗോളീകരണമെന്ന പുതിയ പ്രതിഭാസത്തിന്റെ പശ്ചാത്തലത്തിൽ മൗദൂദിചിന്തകളെ പുനർവായിക്കാൻ നമുക്ക് കഴിയണം. തീവ്രവാദത്തിനോ സാമുദായികതക്കോ ആദർശപരമായ നിലപാടുകളില്ല. സങ്കുചിത ചിന്തയിൽനിന്നാണ് അവ പൊട്ടിമുളക്കുന്നത്. ഈ തിന്മകളെ ആദർശപരമായി നേരിട്ടുകൊണ്ടാണ് മൗലാനാ മൗദൂദി രംഗപ്രവേശം ചെയ്യുന്നത്. ഇതും അദ്ദേഹത്തിന്റെ ചിന്തകൾക്ക് പ്രസക്തി വർധിപ്പിക്കുന്നു-അമീർ പറഞ്ഞു.

'1979-ൽ മൗലാനാ മൗദൂദി അന്തരിച്ചപ്പോൾ *പ്രബോധനം* ഒരു സ്പെഷ്യൽ ഇറക്കാൻ ഉദ്ദേശിച്ചിരുന്നു. പല കാരണങ്ങളാൽ അത് നടന്നില്ല. അതിനു വേണ്ടി ഒരുക്കിവെച്ച അനുസ്മരണ ലേഖനങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് മൗദൂദി സ്മൃതി രേഖകൾ പുറത്തിറക്കുന്നത്' -പുസ്തകം സമർപ്പിച്ചുകൊണ്ട് വി.എ കബീർ പറഞ്ഞു. മൗദൂദി കൃതികളുടെ കടുത്ത ആരാധകരെയും കടുത്ത വിമർശകരെയും മാത്രമേ നാം കാണുന്നുള്ളൂ. അദ്ദേഹത്തിന്റെ ചിന്തകളെ നിഷ്പക്ഷമായും സമഗ്രമായും പഠിക്കുന്ന കൃതികൾ ഇല്ല എന്ന് പറയാം. മുഹമ്മദ് അമ്മാറയുടെ ഒരു കൃതി മാത്രമാണ് അപവാദം. ഇത് ഒരു ചിന്തകൻ നേരിടുന്ന വലിയ ദുരന്തമാണ്.

മുൻ വിദ്യാഭ്യാസ മന്ത്രി ഇ.ടി മുഹമ്മദ് ബഷീറാണ് മൗദൂദി സ്മൃതി രേഖകൾ പ്രകാശനം ചെയ്തത്. നോവലിസ്റ്റും കഥാകൃത്തുമായ കെ.പി രാമനുണ്ണി ഏറ്റുവാങ്ങി. മൗദൂദിയുടെ ഇസ്‌ലാമിക വ്യക്തിത്വമാണ് തന്നെ കൂടുതൽ ആകർഷിച്ചതെന്ന് ബഷീർ പറഞ്ഞു. ഒരു വ്യക്തിയെ വിവിധ തലങ്ങളിലുള്ളവർ -ഭാര്യ, മക്കൾ, പണ്ഡിതന്മാർ, ഇതര സംഘടനാ നേതാക്കൾ- എങ്ങനെ വിലയിരുത്തുന്നു എന്നതാണ് പുസ്തകത്തിന്റെ ഉള്ളടക്കം. ഇതിൽ ഏറ്റവും ഹൃദയസ്പർശിയായത് അബുൽ ഹസൻ അലി നദ്‌വിയുടെ ഓർമക്കുറിപ്പാണെന്നും ബഷീർ എടുത്തു പറഞ്ഞു.

മൗദൂദി പുതിയ വിജ്ഞാനങ്ങളെയോ നാഗരിക വികാസത്തെയോ തിരസ്കരിച്ചിട്ടില്ലെന്നും മൂല്യപരമായി നാം ഏഴാം നൂറ്റാണ്ടിലേക്ക് പോകണമെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളതെന്നും കെ.പി രാമനുണ്ണി അഭിപ്രായപ്പെട്ടു. ആഗോളവത്കരണമെന്ന ഫാഷിസം സാംസ്കാരിക വൈജാത്യങ്ങളെ വെട്ടിയൊതുക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. നമ്മുടെ സംസ്കാരത്തെ തകർക്കാത്തിടത്തോളം കാലം മാത്രമേ, ശാസ്ത്ര സാങ്കേതികളെ നമുക്ക് സ്വീകരിക്കാൻ നിർവാഹമുള്ളൂ. ഇതാണ് മൗദൂദി നൽകുന്ന സന്ദേശം.

കാലഘട്ടം ഉയർത്തിയ വെല്ലുവിളികളെയാണ് ഓരോ പണ്ഡിതനും നേരിട്ടതെന്നും അതിനാൽ മൗദൂദി കൃതികളെ ചരിത്ര നിരപേക്ഷമായി സമീപിക്കരുതെന്നും ഐ.എസ്.എം പ്രസിഡന്റ് മുജീബുർറഹ്മാൻ കിനാലൂർ അഭിപ്രായപ്പെട്ടു. എല്ലാ നവോത്ഥാനത്തിനും ഒരു ചരിത്ര പശ്ചാത്തലമുണ്ട്. രാജാക്കന്മാരുടെ ധൂർത്തിനെതിരെയുള്ള കലാപമായിരുന്നു സൂഫീ പ്രസ്ഥാനങ്ങൾ. ഇന്ത്യയിൽ വിഭാഗീയ



മൗദൂദി സ്മൃതിരേഖകൾ കെ.പി രാമനുണ്ണിക്ക് നൽകി ഇ.ടി മുഹമ്മദ് ബഷീർ പ്രകാശനം ചെയ്യുന്നു

പ്രവണതകൾ മൂർച്ഛിച്ച ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയാണ് മിക്ക മൗദൂദി കൃതികളുടെയും രചനാ പശ്ചാത്തലം. ഈ ചരിത്ര പശ്ചാത്തലത്തെ മാറ്റിനിർത്തി മൗദൂദി കൃതികളെ പഠിക്കാൻ കഴിയില്ല. മതേതരത്വം, ദേശീയത, ജനാധിപത്യം എന്നിവയെക്കുറിച്ച് അന്ന് അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായങ്ങൾ ഇന്ന് പുനർവായിക്കുമ്പോൾ ആത്യന്തികതയായി തോന്നും. അദ്ദേഹത്തിന്റെ സേവനങ്ങളെ അന്ധമായി തമസ്കരിക്കുന്നത് ശരിയല്ലെന്നും മുജീബുർറഹ്മാൻ പറഞ്ഞു.

ചരിത്ര പശ്ചാത്തലം വെച്ച് തന്നെയാണ് മൗദൂദി കൃതികളെ വായിക്കേണ്ടതെന്ന് തുടർന്ന് സംസാരിച്ച ഒ. അബ്ദുർറഹ്മാൻ പറഞ്ഞു. പക്ഷേ, ആ കൃതികളിൽ ഒരു അന്തർധാരയുണ്ട്. അത് അപ്പടി തള്ളിക്കളയേണ്ടതല്ല. ശരിയും തെറ്റും തീരുമാനിക്കാനുള്ള പരമാധികാരം ജനങ്ങൾക്കാണെന്നാണ് പാശ്ചാത്യ ജനാധിപത്യ സങ്കൽപം. ഇതിനെയാണ് മൗദൂദി എതിർത്തത്. ജനാധിപത്യ രീതികളെ എന്നും മൗദൂദി പിന്തുണച്ചിട്ടുണ്ട്. പാകിസ്താനിൽ പട്ടാള ഭരണത്തിനെതിരെയുള്ള ജനാധിപത്യ പ്രക്ഷോഭങ്ങളിൽ അദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു. ഫാത്വിമ ജിന്നയെ പിന്തുണച്ചത് ജനാധിപത്യ പുനഃസ്ഥാപനത്തിന് വേണ്ടിയായിരുന്നു. സന്ദർഭം വരുമ്പോൾ എങ്ങനെ ജനാധിപത്യം പ്രയോഗവത്കരിക്കാം എന്നും അദ്ദേഹം കാണിച്ചുതന്നു.

ആരും കാലാകാലത്തേക്ക് വേണ്ടി ചിന്തിച്ചിട്ടില്ലെന്നും മൗദൂദിയുടേത് അവസാന വാക്കല്ലെന്നും
ഒ. അബ്ദുർറഹ്മാൻ കൂട്ടിച്ചേർത്തു. ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയെക്കുറിച്ച് ചില പ്രാഥമിക ചിന്തകൾ മാത്രമാണ് മൗദൂദി കൃതികളിൽ നിന്ന് ലഭിക്കുക. അത്തരം ചിന്തകളെ വികസിപ്പിച്ച് ഒരു ബദൽ ഇസ്‌ലാമിക സമ്പദ്ഘടനയുടെ ബ്ലൂപ്രിന്റ് സമർപ്പിക്കാൻ ഇന്നേവരെ ഇസ്‌ലാമിക ലോകത്തിന് കഴിഞ്ഞിട്ടില്ല. ജനകീയ പ്രശ്നങ്ങളിൽ ഇടപെട്ട് ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമി രാജ്യത്തെ ഏറ്റവും വലിയ ജനകീയ പ്രസ്ഥാനങ്ങളിലൊന്നായി മാറിയപ്പോൾ, അത്രയധികം മുന്നോട്ടു പോകാൻ പാക് ജമാഅത്തിന് കഴിഞ്ഞില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഐ.പി.എച്ച് അസി. ഡയറക്ടർ പി.പി അബ്ദുർറഹ്മാൻ നന്ദി പ്രകാശിപ്പിച്ചു.